ഉത്തരം

(എ) പുതിയ വ്യവസായ യൂണിറ്റുകളുടെ മൂല്യ അടിത്തറ വികസിപ്പിക്കുന്നതിനായി നൽകുന്ന കരുതൽ ധനവായ്പാസഹായം (മാർജിൻ മണി ലോൺ) ഇനത്തിൽ സർക്കാർ വിഹിതമായി 2003-04 വർഷത്തേക്ക് 910 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഈ തുകയിൽ 31-12-2003 വരെ 197.21 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(സി, ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഇ) അർഹരായ എല്ലാ അപേക്ഷകർക്കും ഈ സഹായം അനുവദിക്കാൻ വേണ്ടുന്ന എല്ലാ നടപടിയും സ്വീകരിച്ചിട്ടുണ്ട്.

പരമ്പരാഗത വ്യവസായ മേഖലയിൽ ദുരിതം അനുഭവിക്കുന്നവർക്ക് ആശ്വാസം

4 [1143] ശ്രീ. കെ. കെ. ജയചന്ദ്രൻ
„ കെ. രാധാകൃഷ്ണൻ:
„ മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായ മേഖലയിൽ ദുരിതം അനുഭവിക്കുന്നവർക്ക് ആശ്വാസം നൽകുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതിയെ സംബന്ധിച്ചും ഇതിനകം ഏതെല്ലാം മേഖലയിൽ എന്തുമാത്രം നടപ്പിൽ വരുത്തിയിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിക്കുവേണ്ടി എന്തു തുക തന്നാണ്ടിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; ഇതിനകം എന്തു തുക ചെലവഴിക്കുകയുണ്ടായി;

(ഡി) പരമ്പരാഗത വ്യവസായ സഹായ നിധിക്ക് രൂപം നൽകിയിട്ടുണ്ടോ, നിധിയിലേക്ക് സർക്കാർ എന്തു തുക നൽകുകയുണ്ടായി എന്ന് അറിയിക്കാമോ?

ഉത്തരം

(എ—ഡി) പരമ്പരാഗത വ്യവസായ മേഖലയിൽ ദുരിതം അനുഭവിക്കുന്നവർക്ക് ആശ്വാസം നൽകുന്നതിനും ഈ മേഖലയുടെ സമഗ്രമായ പുനരുജ്ജീവനത്തിനും വേണ്ടി ഒരു പരമ്പരാഗത വ്യവസായ സഹായനിധി രൂപീകരിക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. ഇതു സംബന്ധിച്ചുള്ള പദ്ധതികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly